# കേരള തീരദേശ പരിപാലന അതോറിറ്റി
## പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് കാര്യാലയം

നാലാം നില, കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ, തമ്പാനൂർ,തിരുവനന്തപുരം- 695 001
ഫോൺ - 0471 2339696 (ഓഫീസ്)

File No:08/A2/2019/KCZMA Dated: 09.05.2023

## അറിയിപ്പ്

2011 ലെ തീരദേശ പരിപാലന വിജ്ഞാപനം മറികടന്ന് 18.01.2019 ലെ നോട്ടിഫിക്കേഷൻ നമ്പർ G.S.R.37(E) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വിജ്ഞാപത്തിന്റെ ഖണ്ഡിക 6 പ്രകാരം വിജ്ഞാപനത്തിന് അനുസൃതമായ തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് സംസ്ഥാന സർക്കാർ നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (NCESS) നെ ചുമതലപ്പെടുത്തിയിരുന്നു. ആയത് പ്രകാരം തയ്യാറാക്കിയ തീരദേശ പരിപാലന പ്ലാനിന്റെ കരടിന്മേൽ നിർദ്ദേശങ്ങളും പരാതികളും സ്വീകരിക്കുന്നതിലേയ്ക്കായി ഒരു പബ്ലിക് ഹിയറിംഗ് **13.06.2023** ൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പബ്ലിക് ഹിയറിംഗിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊപ്പോണന്റ് | മെമ്പർ സെക്രട്ടറി,<br>കേരള തീരദേശ പരിപാലന അതോറിറ്റി<br>നാലാം നില, കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ,<br>തമ്പാനൂർ, തിരുവനന്തപുരം- 695 001<br>ഫോൺ - 0471 2339696<br>Email :kczmasandtd@gmail.com |
| തൃശ്ശൂർ ജില്ലയുടെ തീരദേശ പരിപാലന പ്ലാനിൽ ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | **മുനിസിപ്പാലിറ്റികൾ : (3)** ചാവക്കാട്, ഗുരുവായൂർ, കൊടുങ്ങല്ലൂർ<br><br>**ഗ്രാമ പഞ്ചായത്തുകൾ : (28)** പുന്നയൂർക്കുളം, പുന്നയൂർ, കടപ്പുറം, പാവറട്ടി, ഒരുമനയൂർ, മുല്ലശ്ശേരി, എങ്ങണ്ടിയൂർ, വെങ്കിടങ്ങ്, വാടനാപ്പിള്ളി, മണലൂർ, തൈക്കുളം, അന്തിക്കാട്, നാട്ടിക, താന്ന്യം, വലപ്പാട്, ഇടത്തിരുത്തി, കാട്ടൂർ, കൈപ്പമംഗലം, പടിയൂർ, പെരിഞ്ഞനം, മതിലകം, ശ്രീനാരായണപുരം, വെള്ളാങ്ങല്ലൂർ, പുത്തൻചിറ, ഇടവിളങ്ങ്, ഇരിയാട്, മാള, പൊയ്യ |
| പബ്ലിക് ഹിയറിംഗിന്റെ **തീയതി, സമയം, സ്ഥലം** | **13.06.2023, 10.30am** കളക്ടറേറ്റ് കോൺഫറൻസ് ഹോൾ, ഫസ്റ്റ് ഫ്ളോർ, സിവിൽസ്റ്റേഷൻ, സിവിൽസ്റ്റേഷൻ റോഡ്, കല്യാൺ നഗർ, അയ്യന്തോൾ, തൃശ്ശൂർ - 680 003 |

കരട് തീരദേശ പരിപാലന പ്ലാൻ താഴെ പറയുന്ന കാര്യാലയങ്ങളിലും, **coastal.keltron.org & keralaczma.gov.in** – എന്നീ വെബ്സൈറ്റുകളിലും പരിശോധനയ്ക്കായി ലഭ്യമാണ്.

1. ജില്ലാ കളക്ടറുടെ ഓഫീസ്, തൃശ്ശൂർ
2. ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, തൃശ്ശൂർ
3. ജില്ലാ പഞ്ചായത്ത് ഓഫീസ്, തൃശ്ശൂർ
4. മേൽ പട്ടികയിൽ പരാമർശിച്ചിരിക്കുന്ന തദ്ദേശ സ്വയംഭരണ സെക്രട്ടറിമാരുടെ കാര്യാലയങ്ങൾ
5. നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (NCESS), GWF5+ 4WM, ഉള്ളൂർ, ആക്കുളം റോഡ്, ആക്കുളം, തിരുവനന്തപുരം - 695 011
6. പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ്, നാലാം നില, കെ.എസ്. ആർ.ടി.സി ബസ് ടെർമിനൽ, തമ്പാനൂർ, തിരുവനന്തപുരം- 695 001

ഈ നോട്ടീസ് പുറപ്പെടുവിക്കുന്ന തീയതി മുതൽ 30 ദിവസത്തിനുള്ളിൽ പൊതുജനങ്ങൾക്ക് തങ്ങളുടെ അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും, പരാതികളും താഴെ പറയുന്ന വിലാസത്തിലോ, **kczmasandtd@gmail.com** എന്ന ഇമെയിൽ മുഖേനയോ എഴുതി അറിയിക്കാവുന്നതാണ്. കൂടാതെ പൊതുജനങ്ങൾക്ക് തങ്ങളുടെ അഭിപ്രായങ്ങൾ **"coastal.keltron.org"** എന്ന വെബ്സൈറ്റിലെ 'grievances' എന്ന ഓപ്ഷൻ മുഖേനയും സമർപ്പിക്കാവുന്നതാണ്.

**"മെമ്പർ സെക്രട്ടറി**
**കേരള തീരദേശ പരിപാലന അതോറിറ്റി**
**നാലാം നില, കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ,**
**തമ്പാനൂർ, തിരുവനന്തപുരം- 695 001"**

അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും, പരാതികളും പബ്ലിക് ഹിയറിംഗ് സമയത്ത് നേരിട്ടോ രേഖാമൂലമോ സമർപ്പിക്കുന്നതിനും അവസരം ഉണ്ടായിരിക്കുന്നതാണ്.

KERALA COASTAL ZONE MANAGEMENT AUTHORITY * THIRUVANANTHAPURAM Date..........

**Sd/-**
**സുനീൽ പമിടി ഐ എഫ് എസ്**
**മെമ്പർസെക്രട്ടറി**
**കേരള തീരദേശ പരിപാലന അതോറിറ്റി**